കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുന്നത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P1/750/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 23/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P1/750/2022 തീയ്യതി: 23/07/2022

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 16-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അമ്പിളി എം.ഡി.	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	18-04-2022	26-04-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-04-2022	26-04-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത് കുമാർ ജി., ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ.
ശ്രീമതി പ്രീത എസ്.എസ്., ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ.
ശ്രീ. അനിൽകുമാർ എസ്., സീനിയർ ഓഡിറ്റർ
ശ്രീമതി രാജശ്രീ. സി.ആർ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. കുന്നത്തൂർ പ്രസാദ്	പ്രസിഡന്റ്	01-04-2020	05-11-2020
ശ്രീ. എസ്. ശിവകുമാർ	സെക്രട്ടറി	01-04-2020	15-03-2021
ശ്രീമതി. സേതുകുമാരി യു.	സെക്രട്ടറി-ഇൻ-ചാർജ്ജ്	16-03-2021	31-03-2021
അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി	പ്രസിഡന്റ്	06-11-2020	29-12-2020
ശ്രീമതി. വൽസല കുമാരി	പ്രസിഡന്റ്	30-12-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രതീഷ്	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീ. അബ്ദുൾ സലാം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	06-07-2020
ശ്രീമതി. മഞ്ജുള	ഡയറി ഫാം ഇൻസ്ട്രക്ടർ ഇൻ ചാർജ്	07-07-2020	14-10-2020
ശ്രീമതി പത്മജ ദേവി	ഡയറി ഫാം ഇൻസ്ട്രക്ടർ	15-10-2020	31-03-2021
ഡോ. മുഹമ്മദ് ഷാഫി	മെഡിക്കൽ ഓഫീസർ പി.എച്ച്.സി.	01-04-2020	31-03-2021
ഡോ.സുജ കെ.ജോൺ	മെഡിക്കൽ ഓഫീസർ, (ആയൂർവേദം)	01-04-2020	31-03-2021
ഡോ.ഡോളി	മെഡിക്കൽ ഓഫീസർ, (ഹോമിയോ)	01-04-2020	31-03-2021
ശ്രീമതി ഷീജാമോൾ ടി.കെ.	അസി. എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീമതി യമുന	ഹെഡ്മിസ്ട്രസ്സ്	01-04-2020	31-03-2021
ശ്രീമതി പത്മലത	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2020	31-03-2021
ശ്രീ. പ്രസാദ്	അസി. സെക്രട്ടറി	01-04-2020	14-06-2020
ശ്രീമതി സേതുകുമാരി യു.	അസി. സെക്രട്ടറി	15-06-2020	31-03-2021
ശ്രീമതി സ്മൃതി ഗോപാലകൃഷ്ണൻ	വി.ഇ.ഓ.I	01-04-2020	31-03-2021
ശ്രീ. ബേബി	വി.ഇ.ഓ.II	01-04-2020	12-08-2020
ശ്രീ. ജിമ്മിദാസ്	വി.ഇ.ഓ.II	07-09-2020	31-03-2021
ഡോ. പ്രദീപ് കുമാർ ആനന്ദ്	വെറ്ററിനറി സർജൻ	01-04-2020	02-07-2020

ഡോ.ഷീബ	വെറ്ററിനറി സർജൻ	03-07-2020	09-07-2020
ഡോ. സിന്ധു കെ.എസ്.	വെറ്ററിനറി സർജൻ	09-07-2020	01-09-2020
ഡോ. പ്രദീപ് കുമാർ ആനന്ദ്	വെറ്ററിനറി സർജൻ	02-09-2020	15-09-2020
ഡോ. സന്തോഷ്	വെറ്ററിനറി സർജൻ	16-09-2020	20-01-2021
ഡോ. ജയകുമാർ	വെറ്ററിനറി സർജൻ	21-01-2021	31-03-2021
ശ്രീമതി. ഗോപിക എൻ.	എംജി എൻ.ആർ.ഇ.ജി.എസ്.,അക്രഡിറ്റഡ് എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീ. സനൽ കാർത്തികേയൻ	എംജി എൻ.ആർ.ഇ.ജി.എസ്., ഓവർസിയർ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Rajasree.C.R (Auditor, On 24-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-1
2	വാർഷികധനകാര്യപത്രിക Written By: Rajasree.C.R (Auditor, On 24-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-2
3	വാർഷിക കണക്കുകളിലെ അപാകതകൾ Written By: S.S.Preetha (Audit Officer, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-2-1
4	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-3
5	ഗ്രാന്റ് വിനിയോഗം Written By: S.S.Preetha (Audit Officer, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-4
6	പദ്ധതി അവലോകനം Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-5
7	തൊഴിലുറപ്പ് പദ്ധതി Written By: S.S.Preetha (Audit Officer, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-6
8	ക്ഷേമ പദ്ധതികൾ Written By: Anilkumar S (Senior Grade Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-7
9	ക്യാഷ് പരിശോധന Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-8
10	ആഭ്യന്തരനിയന്ത്രണം Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-10
12	മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നു. Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-11
13	റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-12
14	ഒരു പരസ്യത്തിന് രണ്ടു തവണ തുക നൽകി-രണ്ടാമത് നൽകിയ തുക അംഗീകരിക്കുന്നില്ല. Written By: Anilkumar S (Senior Grade Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-13
15	മഴക്കാലപൂർവ്വ ശുചികരണം-ചെലവഴിക്കാത്ത തുക തിരികെ ബന്ധപ്പെട്ട അക്കൌണ്ടിൽ അടിയന്തിരമായി ഒടുക്കുവരുത്തേണ്ടതാണ് Written By: Anilkumar S (Senior Grade Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-14
16	മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-15

17	വാല്യൂവേഷൻ ഇല്ലാതെ തുക നൽകി Written By: Ranjith Kumar G (Audit Officer (HG), On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-16
18	കുഴൽ കിണർ നിർമ്മാണം - പാഴ് ചെലവ് - 101976/- രൂപ Written By: Ranjith Kumar G (Audit Officer (HG), On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-17
19	തെരുവു വിളക്ക് വൈദ്യുതി ചാർജ് - കൃത്യമായ മാനദണ്ഡങ്ങൾ ഇല്ല Written By: Ranjith Kumar G (Audit Officer (HG), On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-18
20	ജലജീവൻ മിഷൻ - ഒടുക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല Written By: Ranjith Kumar G (Audit Officer (HG), On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-19
21	നിക്ഷേപ പ്രവൃത്തി -വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല Written By: Ranjith Kumar G (Audit Officer (HG), On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-20
22	തനതു ഫണ്ട് ചെലവ് തിരികെ ഈടാക്കിയില്ല. Written By: Ranjith Kumar G (Audit Officer (HG), On 27-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-21
23	പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല Written By: Ranjith Kumar G (Audit Officer (HG), On 27-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	1-22
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	ഒരു പരസ്യത്തിന് രണ്ടു തവണ തുക നൽകി-രണ്ടാമത് നൽകിയ തുക അംഗീകരിക്കുന്നില്ല. Written By: Anilkumar S (Senior Grade Auditor, On 27-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	3-1
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	4-4
5	വായ്പ / വായ്പാതിരിച്ചടവ് Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	4-5
6	സ്ഥിര നിക്ഷേപം Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	4-7

8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Rajasree.C.R (Auditor, On 26-04-2022) Last Updated By: Naseer S (Computer Assistant, On 22-07-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

04.03.2020 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15.02.21 തീയതിയിലെ 3(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.21	26.05.21	-	-

1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

(1) ദുരിതാശ്വാസ നിധി ഇനത്തിൽ വരവ് വരുന്ന തുകകൾ ആയതിനായി ആരംഭിച്ചിട്ടുള്ള എസ്.ബി.ഐ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കാതെ ജില്ലാ സഹകരണ ബാങ്കിന്റെ (തനത് ഫണ്ട്) അക്കൗണ്ടിൽ സൂക്ഷിക്കുന്നു.
(2) ബാലൻസ് ഷീറ്റ്ബി.11(a) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുക 3,74,550/- രൂപയാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ രേഖകൾ പ്രകാരം തുക 4,27,744/- രൂപയാണ്.
(3) വാട്ടർ അതോറിറ്റിയിൽ പദ്ധതി നിർവ്വഹണത്തിനായുള്ള മുൻകൂർ നിക്ഷേപമായ 5,00,000/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
(4) പദ്ധതി നിർവ്വഹണത്തിനായി ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച മുൻകൂർ 68,834/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
(5) TSPയിനത്തിലെ അലോട്ട്മെന്റ് തുകയായ 167000/- വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
(6) ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ 55000/- രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	13127416/-രൂപ
വരവ്	81593800/-രൂപ
ആകെ	94721216/-രൂപ
ചെലവ്	83531238/-രൂപ
നീക്കിയിരിപ്പ്	11189978/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലെ നഷ്ടം	7056/-രൂപ
തടസ്സപ്പെടുത്തിയ തുക	1320230/-രൂപ

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ് (രൂപ)	ആകെ (രൂപ)	ചെലവ് (രൂപ)	നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ)	കുറിപ്പ്
വികസനഫണ്ട് (ജനറൽ)	0	1,62,83,250	1,62,83,250	1,59,61,525	3,21,725	-
വികസനഫണ്ട്	0	1,41,94,125	1,41,94,125	1,38,58,546	3,35,579	-

(എസ്.സി.പി)						
വികസനഫണ്ട് (ടി. എസ്.പി)	0					-
ധനകാര്യ കമ്മിഷൻഗ്രാന്റ്	0	1,31,04,653	1,31,04,653	95,76,084	35,28,569	-
ധനകാര്യ കമ്മിഷൻഗ്രാന്റ്(Tied)		63,50,000	63,50,000	17,73,566	45,76,434	
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	43,15,000	43,15,000	38,50,324	4,64,676	-
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	4573000	4573000	4028752	5,44,248	-
ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ	55,000	8,00,000	8,55,000	55,000	8,00,000	
എസ്.സി വകുപ്പ് ഫണ്ട്	4,99,000	0	4,99,000	4,96,831	2,169	
ICDS	26,54,726	11,35,644	37,90,370	16,93,023	20,97,347	
MNREGS	2,95	9,03,528	9,03,823	9,01,648	2,175	
NHM	1,94,763	0	1,94,763	0	1,94,763	
TSC	6,52,306	3,00,88,23	36,61,129	21,44,078	15,17,051	

CSS &SSS യഥാർത്ഥ വരവ് ചെലവ് , ഗ്രാന്റ്പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
207	91104857	171	64615180	0	36	82.6

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	295	903528	903823	901648	2175
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	37206953	37206953	37206953	0

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	53520	83

കർഷകതൊഴിലാളി പെൻഷൻ	2647200	163
വിധവാപെൻഷൻ	16397700	1131
വാർദ്ധക്യകാലപെൻഷൻ	31959100	2835
വികലാംഗപെൻഷൻ	5574800	365
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	872600	69
വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം	150000	5

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.04.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9383/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

തനതുഫണ്ട് വൗച്ചറുകൾ എക്സികൃട്ടീവ് അതോറിറ്റിയായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുകയോ, ചെലവു തുകകൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ വച്ച് അംഗീകാരം വാങ്ങുകയോ ചെയ്യുന്നില്ല.

നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രദിപാദിക്കും പ്രകാരം ചെലവുകൾ അധികാരികപ്പെടുത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്. വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല.ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട സ്ഥലങ്ങളുടെ അതിർത്തി നിർണ്ണയിക്കാതെ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ച് കരാർ ഉറപ്പിക്കുന്നതിനാൽ തന്നെ തദ്ദേശവാസികളിൽ നിന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശത്തെ പറ്റി തർക്കം ഉണ്ടാകുകയും പ്രവൃത്തി ഉപേക്ഷിക്കേണ്ട അവസ്ഥ ഉണ്ടാകുകയും ചെയ്യുന്ന ഉദാ.പുത്തുച്ചിറകുളം നവീകരണം.(പ്രോജക്ട് നമ്പർ 226/2021).പൊതു മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ ഫണ്ടുകൾ ലാപ്സായി പോകുന്ന അവസ്ഥ ഇതിനാൽ സംഭവിക്കുന്നു.

ഒരു പത്രപരസ്യത്തിന്റെ ചെലവ് രണ്ട് തവണ നൽകുകയുണ്ടായി.ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തര

നിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കി പരിപാലിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.ഡബിൾ എൻട്രി അകൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്.ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്.പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും ,അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് ജി. ഒ (ആർ . ടി.) 1699/17/ തസ്വഭവ. തീ 24.05.2017 ൽ ഇതുമായി ബന്ധപ്പെട്ട് എൽ. എസ്. ജി. ഡി വിഭാഗത്തിന്റെ ചുമതല വ്യക്തമാക്കിയിട്ടുണ്ട്.

കുന്നത്തൂർ ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ ,കൃത്യമായ രേഖപ്പെടുത്തലുകളൊ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5) ,218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ , നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്.ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ മിനിട്സ് പരിശോധിച്ചതിൽ 25.01.2021 ലെ തീരുമാനം (3) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പുറമ്പോക്ക് ഭൂമി ഉള്ളതായും അനധികൃത കൈയ്യേറ്റം നടന്നതായും കമ്മിറ്റി വിലയിരുത്തുന്നുണ്ട്. .ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 3ാം വാർഡിലെ സ്ഥിതിചെയ്യുന്ന പുത്തുച്ചിറകുളത്തിന്റെ അതിർത്തി നിർണ്ണയിക്കപ്പെടാത്തതിനാൽ പുത്തുച്ചിറകുളംനവീകരണം(പ്രോജക്ട് നമ്പർ 226/2021) കരാർ വച്ച ശേഷം ഉപേക്ഷിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. ടി വസ്തുത 16.03.2021 ലെ തീരുമാനം നമ്പർ പ്രകാരം അംഗീകരിക്കുകയും അതിർത്തി നിർണ്ണയിച്ച ശേഷം മാത്രം കരാറുകാരനെ കൊണ്ട് പ്രവൃത്തി പൂർത്തീകരിച്ചാൽ മതി എന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം, അതിർത്തി നിർണ്ണയിക്കാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ , എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുവാൻ സാധ്യതയുള്ളതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതും,ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട ആസ്തികളുടെ അതിർത്തി നിർണ്ണയിച്ച് തർക്കരഹിതമാക്കി മാത്രം പദ്ധതികൾ ആരംഭിക്കേണ്ടതും അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതുമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	10-12-21	2020-21	ലഭിച്ചില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07-09-2016	2011-12 മുതൽ 2015-16 വരെ	08-11-2016

1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശിക ഈടാക്കാനവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നം.	പേര്	ഒരു വർഷത്തെ വസ്തു നികുതി	കുടിശ്ശിക കാലയളവ്	ഈടാക്കാനവശേഷിക്കുന്ന തുക
11/532	റിലയൻസ് കമ്മ്യൂണിക്കേഷൻ	9270	2013-14 To 2020-21	74160
17/613	ജി.ടി.എൽ. ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ്.	7245	2019-20 To 2020-21	14490
ആകെ				88650

കുടിശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടി മൊബൈൽ ടവറുകളുടെ വസ്തു നികുതി ഒടുക്കുവരുത്തിയിട്ടില്ലാത്തതിനാൽ ശാസ്താംകോട്ട ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ 5683/21,5628/21 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകി. കേസിൻമേലുള്ള തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 18/26.04.2022

1-12 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം. 149) ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ ഒന്നുതന്നെ ലൈസൻസ് എടുത്തിട്ടില്ലയെന്ന് കാണുന്നു. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻകടകളേയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 ഒരു പരസ്യത്തിന് രണ്ടു തവണ തുക നൽകി-രണ്ടാമത് നൽകിയ തുക അംഗീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തിത്തെ വാർഷിക പദ്ധതിയിലുൾപ്പെട്ട മരാമത്ത് പ്രവൃത്തികളുടെ റീ-ടെൻഡർ ക്ഷണിക്കുന്നതിന് 6.3.20-ൽ കേരള കൗമുദി പത്രത്തിൽ നൽകിയ പരസ്യത്തിന്റെ ബില്ല് രണ്ടു തവണ

സമർപ്പിച്ച് തനത് ഫണ്ട് വൗച്ചർ പ്രകാരം രണ്ടു തവണ തുക പിൻവലിച്ച് പത്രത്തിന് നൽകി.ഇതു സംബന്ധിച്ച് നൽകിയ ഒഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ബിൽ നം /തിയതി	തുക (രൂപ)	ചെക്ക് നം/ തിയതി
BLQLN001476287/6.3.20	7056/-	21626/20.5.20
BLQLN001476287/6.3.20	7056/-	23499/3.12.20

ഒരു പരസ്യത്തിന് തന്നെ രണ്ടു തവണ തുക നൽകിയതിനാൽ,രണ്ടാമത് നൽകിയ 7056/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നമ്പർ - 7 / 25.4.2022

നിരാകരണം - 7056/- രൂപ

1-14 മഴക്കാലപൂർവ്വ ശുചികരണം-ചെലവഴിക്കാത്ത തുക തിരികെ ബന്ധപ്പെട്ട അക്കൌണ്ടിൽ അടിയന്തിരമായി ഒടുക്കുവരുത്തേണ്ടതാണ്

ശുചിത്വമിഷൻ ഫണ്ട്- 170000/- രൂപ (ചെക്ക് നം. 22571/30.7.20)

തനത് ഫണ്ട് - 85000/- രൂപ (ചെക്ക് നം. 21513/22.4.20)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ

2020-21വർഷത്തിൽ മഴക്കാലപൂർവ്വ ശുചികരണപ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ ഫണ്ട് 10000/- രൂപ നിരക്കിൽ 17 വാർഡുകൾക്കായി ആകെ 170000/- രൂപയും, തനത് ഫണ്ട് 5000/- രൂപ നിരക്കിൽ 17 വാർഡുകൾക്കായി ആകെ 85000/- രൂപയും മെഡിക്കൽ ഓഫീസറുടെ ശിപാർശപ്രകാരം വാർഡ് സാനിട്ടേഷൻ കമ്മിറ്റിക്ക് നൽകി. 3,4,5,9,10 എന്നീ വാർഡുകളിൽ ശുചികരണപ്രവർത്തനങ്ങൾക്കായി നൽകിയ 41300/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

വാർഡ്	ഫണ്ട്	ചെലവഴിച്ചിട്ടില്ലാത്ത തുക	തുക അവശേഷിക്കുന്ന അക്കൗണ്ട് നമ്പരുകൾ
5,9	ശുചിത്വമിഷൻ ഫണ്ട്	20000/-	67045812844 67054706811
3,4,5,9	തനത് ഫണ്ട്	20000/-	67045812764 67045807742 67045812844 67054706811
10	തനത് ഫണ്ട്	1300/-	67161186142
ആകെ		41300/-	

ഇതു സംബന്ധിച്ച് നൽകിയ ഒഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്ക് വാർഡ് സാനിറ്റേഷൻ കമ്മിറ്റിക്ക് നൽകുന്ന മുൻകൂർ തുകയുടെ ധന വിനിയോഗ സാക്ഷ്യപത്രം 2020 ആഗസ്റ്റ് ഒന്നിന് മുമ്പ് ഗ്രാമപഞ്ചായത്ത് ജില്ലാ ശുചിത്വ മിഷന് നൽകേണ്ടതാണ്. ഇത് നൽകാത്തത് ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ 31.3.21-തിയതിയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന മേൽ പ്രകാരമുള്ള തുകകൾ നാളിതുവരെ ബന്ധപ്പെട്ട അക്കൌണ്ടുകളിൽ തിരികെ ഒടുക്കുവരുത്താത്തതിനാൽ മുൻവർഷത്തെ തുക മിച്ച മുണ്ടെങ്കിൽ അത് തട്ടിക്കഴിച്ചതിനുശേഷം മാത്രമാണ് വരും വർഷം തുക നൽകേണ്ടത്. ടി തുക അടിയന്തിരമായി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തി വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

എൻക്വയറി നമ്പർ - 16/25.4.2022

1-15 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ - ന് മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര്	മുൻകൂർ നൽകിയ തുകയുടെ വിവരം (രൂപ)	ലഭ്യമായ മരുന്നുകളുടെ വിവരം (രൂപ)	ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം (രൂപ)
1	പാലിയേറ്റീവ് കെയർ S0019/21	200000/- (ബിൽ നം. 11 / 13.02.21)	166595/-	33405/-
		4523/- (ബിൽ നം. 17/ 29.03.21)	0	4523/-
2	പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ S009/21	300000/- (ബിൽനം. 3/19.08.20	0	300000/-
		300000/- (ബിൽനം. 10/13.01.21)	277035/-	22965/-
ആകെ		804523/-	443630/-	360893/-

മരുന്നുകൾ ലഭ്യമാകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/25.04.22

1-16 വാല്യുവേഷൻ ഇല്ലാതെ തുക നൽകി

SO 85/21 – പഞ്ചായത്ത് ഓഫീസ് കോൺഫറൻസ് ഹാൾ നവീകരണം
വികസന ഫണ്ട് - 495373/-രൂപ
തനതു ഫണ്ട് – 8147/-രൂപ
ആകെ – 503520/-രൂപ
ചെലവ് – 499420/-രൂപ
നിർവഹണം - സെക്രട്ടറി
പഞ്ചായത്ത് ഓഫീസ് കോൺഫറൻസ് ഹാൾ ഫർണീഷിംഗിനായി സിഡ്കോയുടെ ഇൻ വോയിസ് നം. ALPY/2019-20/308/തീയതി 06-03-2020 പ്രകാരം പ്രവൃത്തി ഉത്തരവു നൽകുകയും പ്രവൃത്തി പൂർത്തീകരിച്ചു ബിൽനം. 9/8-6-20, പ്രകാരം 408466/-രൂപയും ബിൽ നം.11/22.6.20 പ്രകാരം 86907/-രൂപയും തനതുഫണ്ട് 4047/- രൂപയും (ചെക്ക് നമ്പർ 22538/29-06-2020 ഉൾപ്പടെ 499420/- രൂപ നൽകുകയും ചെയ്തിതിട്ടുണ്ട്.
സിഡ്കോയുടെ ബിൽ പ്രകാരമുള്ള പ്രവൃത്തികളുടെമൂല്യനിർണ്ണയും നൽകാൻ നം. ഏ 31796/AE/20/Sidco പ്രകാരം അസി. എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണ്ണയും നൽകിയതായി കാണുന്നില്ല. വാല്യുവേഷന്റെ അഭാവത്തിൽ ചെലവു തുക 499420/- രൂപ തടസ്സപ്പെടുത്തുന്നു.

വാല്യുവേഷൻ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

1-17 കുഴൽ കിണർ നിർമ്മാണം - പാഴ് ചെലവ് - 101976/- രൂപ

പ്രോജക്ട് നം. 219/21

അടങ്കൽ - 200000/- രൂപ (വികസന ഫണ്ട്)

ചെലവ് - 101976/-രൂപ

നിർവഹണം - സെക്രട്ടറി

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ബിൽ നമ്പർ 21/30 -9 -2020 പ്രകാരം 101976/-രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ കൊല്ലം ജില്ലാ ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്കു വേണ്ടി കരാർ വെച്ചിട്ടുള്ളത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ജലലഭ്യതയില്ലാതെ പാതിവഴിയിൽ നിർമ്മാണ പ്രവർത്തനം അവസാനിപ്പിച്ച കുഴൽകിണർ മൂടിയിട്ടുള്ളതായും കണ്ടു. നിർമ്മാണ വേളയിൽ മണലിന്റെ സാന്നിധ്യം മൂലം തുടർന്നു കുഴിക്കാൻ കഴിഞ്ഞില്ലെന്നും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും വിശദീകരണം തേടിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കരാർ വച്ച് നിക്ഷേപ പ്രവൃത്തിയായി നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിക്കുന്നതിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ കരാർ പ്രകാരമുള്ള നഷ്ടപരിഹാരം ഇടാക്കേണ്ടതായുണ്ട്. കുഴൽകിണർ കുഴിക്കുന്ന പ്രദേശത്തെ മണ്ണ് പരിശോധിച്ച് മണ്ണിന്റെ ഘടന വിലയിരുത്തിയതിന് ശേഷമാണ് കുഴൽകിണറിന്റെ നിർമ്മാണം ആരംഭിക്കേണ്ടിയിരുന്നത്. എന്നാൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതിന് ശേഷം കുഴൽകിണർ കുഴിക്കുന്ന പ്രദേശത്ത് മണലാണെന്ന കാരണത്താൽ ഉപേക്ഷിച്ചത് ശരിയായ നടപടിയല്ല. വ്യവസ്ഥകൾ വ്യക്തമാക്കി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി കണക്കാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്. നിർമ്മാണത്തിനായി നിക്ഷേപിച്ച 101976/- രൂപ പാഴ്ച്ചെലവായി കണക്കാക്കി തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകൃയറി-3/22-04-2022

തടസ്സപ്പെടുത്തിയ തുക - 101976/-രൂപ

1-18 തെരുവു വിളക്ക് വൈദ്യുതി ചാർജ് - കൃത്യമായ മാനദണ്ഡങ്ങൾ ഇല്ല

പ്രോജക്ട് നം. 13/21 തെരുവു വിളക്ക് ഉപകരണങ്ങൾ വാങ്ങൽ
പ്രോജക്ട് – 12/21 തെരുവു വിളക്കു ഉപകരണങ്ങളുടെ മെയിന്റനൻസ്
മേൽ പ്രോജക്ടുകൾ പ്രകാരം 642165/- രൂപയുടെ തെരുവുവിളക്കുപകരണങ്ങൾ വാങ്ങുന്നതിനായും, 182000/- രൂപ മെയിന്റനൻസ് കൂലിയായും ചെലവഴിച്ചിട്ടുണ്ട്.
വാങ്ങിയ തെരുവു വിളക്കു പകരണങ്ങൾ 17 വാർഡ് മെമ്പർമാർക്കു തുല്യമായി വിതം വച്ചു നൽകുകയും അവർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് കൂലി നൽകുകയും ചെയ്യുന്നു.
തെരുവു വിളക്കുകളുടെ മെയിന്റനൻസ് സംബന്ധിച്ച് കെ.എസ് ഇ ബി യുടെ അനുവാദമോ സാക്ഷ്യപത്രമോ ലഭ്യമായതായി കാണുന്നില്ല.
തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് കടമ്പനാട് ഇലക്ട്രിസിറ്റി ബോർഡിൽ ബന്ധപെട്ടപ്പോൾ, തെരുവു വിളക്കു സ്ഥാപിക്കൽ, മെയിന്റനൻസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഇലക്ട്രിസിറ്റി ഓഫീസിനെ അറിയിക്കാറില്ലെന്നും വൈദ്യുതി ബിൽ മുൻ കാലങ്ങളിലെ ബൾബുകൾ, മെർക്കുറി ബൾബുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നതെന്നും അറിയിച്ചു. 2020-21 കാലയളവിൽ15 വാട്സിന്റെ 2580 എൽ ഇ.ഡി ബൽബുകളാണ തെരുവു വിളക്ക് അറ്റകുറ്റ പണികൾക്കായി വാങ്ങിയിട്ടള്ളത്. കാലാകാലങ്ങളായി മുഴുവൻ തെരുവു വിലക്കുകളും എൽ.ഇ.ഡി ബൽബുകളിലേക്ക് മാറിയെങ്കിലും ഇലക്ട്രിസിറ്റിബോർഡ് 40 വാട്സ്, 60 വാട്സ് എന്നീ സാധാരണ ബൽബുകളുടെ നിരക്കുകൾ പ്രകാരമാണ് നിലവിലും വൈദ്യുതി ചാർജ് കണക്കാക്കുന്നത്.തെരുവു വിളക്കുകളുടെ സ്ഥാപിക്കൽ, മെയിന്റനനൻസ് എന്നിവ യഥാസമയം ബോർഡിനെ അറിയിക്കുകയോ,സാക്ഷ്യപത്രം വാങ്ങുകയോ ചെയ്യുന്നില്ല.ആയതിനാൽ യഥാർത്ഥ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല തെരുവുവുളക്കു വൈദ്യുതബിൽ ലഭ്യമാകുന്നത്.
അസിസ്റ്റന്റ് എൻജിനീയർ വൈദ്യുതി ഓഫീസ് കടമ്പനാടിന്റെ കത്ത്നം. BB/GP/2022-23 തീ. 25-4-22 പ്രകാരം ചുവടെ ചേർക്കുന്ന എണ്ണം തെരുവ് വിളക്കകളുടെ അടിസ്ഥാനത്തിൽ ആണ ബിൽ കണക്കാക്കുന്നത്.

ലൈറ്റിന്റെ ഇനം	എണ്ണം	വാട്സ്	മണിക്കൂർ	നിരക്ക്	തുക
സാധാരണ ബൾബ്	101	40	12	73	73373
""	478	60	12	112	53536
ഫ്ളൂരസെന്റ് ട്യൂബ്	383	40	12	73	27959
"	38	2*40	12	147	5586
സി .എഫ്.എൽ	668	2*11	12	35	23380
ആകെ					183834

ഇലക്ട്രിസിറ്റി ബോർഡുമായി സംയുക്ത പരിശോധന നടത്തി യഥാർത്ഥ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഒടുക്കുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതും മെയിന്റനൻസ്, തെരുവ് വിളക്കു സ്ഥാപിക്കൽ എന്നിവ ബോർഡിനെ അറിയിച്ച് സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച നൽകിയ ആഡിറ്റ് എൻകയറി നം 17/24-4-22ന് മറുപടി നൽകിയില്ല.

1-19 ജലജീവൻ മിഷൻ - ഒടുക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ട് നം. S0 220 / 21
ജല ജീവൻ മിഷൻ തുക ഒടുക്കുവരുത്തൽ
അടങ്കൽ - 500000 /- രൂപ വികസന ഫണ്ട്
ചെലവ് - 500000/- രൂപ
നിർവഹണം - സെക്രട്ടറി
പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളിലും കുടിവെള്ളമെത്തിക്കാനുള്ള ടി പ്രോജക്ട് പ്രകാരം പഞ്ചായത്ത് വിഹിതമായി 500000/- രൂപ ബിൽ നം. 36/ 20-21 തി 16.01.2 പ്രകാരം വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ്

എൻജിനീയർ-കൊല്ലത്തിന്റെ അക്കാണ്ട് നം. 39772973187 ലേക്ക് നൽകിയിരിക്കുന്നു. എന്നാൽ ടി തുക വിനിയോഗിച്ച് ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകിയതായി രേഖയില്ല. ആയതിനാൽ ചെലവു തുക 500000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുന്നു.

2020-21 വർഷത്തേക്ക് 500 ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനായി 84 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി നൽകിയിരുന്നു. ഈ തുകയുടെ 45% (37.8 ലക്ഷം) കേന്ദ്ര വിഹിതവും, 30% (25.2 ലക്ഷം രൂപ) സംസ്ഥാന വിഹിതവും 15% (12.6 ലക്ഷം രൂപ) പഞ്ചായത്ത് വിഹിതവും, 10 % (8.4 ലക്ഷം രൂപ) ഗുണഭോക്തൃ വിഹിതവുമാകുന്നു.

പദ്ധതി നടത്തിപ്പിനായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയോ, ലിസ്റ്റ് വാട്ടർ അതോറിറ്റിക്ക് നൽകുകയോ ചെയ്തിട്ടില്ല. പദ്ധതി നടത്തിപ്പിനായുള്ള ഗുണഭോക്താക്കളെ ഗ്രാമസഭ വഴി കണ്ടെത്തി വാട്ടർ കണക്ഷൻ നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഓഡിറ്റ് തടസവാദം ഒഴിവാക്കേണ്ടതുമാണ്

തടസ്സം - 500000/- രൂപ

ആഡിറ്റ് എൻക്വയറി നം. 3/22-4-22

1-20 നിക്ഷേപ പ്രവൃത്തി -വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ട് നം. 218/21

ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

അടങ്കൽ - 100000/- രൂപ (വികസനഫണ്ട്)

ചെലവ് - 68834/- രൂപ

നിർവഹണം - സെക്രട്ടറി

വഴിവക്കിൽ തടസ്സം സൃഷ്ടിക്കുന്ന വിധത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനായി ബിൽ നം. 26/30-9-20 പ്രകാരം 48065/- രൂപയും ബിൽ നം. 47/31.3.21 പ്രകാരം 20769/- രൂപയും ഉൾപ്പെടെ 68834/- രൂപ കെ.എസ്.ഇ ബിയുടെ പുത്തൂർ കാര്യാലയത്തിൽ നിന്നും നൽകിയ എസ്റ്റിമേറ്റ് പ്രകാരം മുൻകൂറായി നൽകിയിരിക്കുന്നു. എന്നാൽ നാളിതു വരെ പ്രവൃത്തിയുടെ പൂർത്തികരണ സാക്ഷ്യപത്രവും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. ആയതിനാൽ ടി ചെലവു 68834/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എൽ റ്റി.പി.എസ്.സി Post ഐവർകാല 1 ആലക്കോട്ട - പരമാൾ കോളനി വാർഡ് -3 , പോസ്റ്റ് നം. PTR Pl 174 എന്നിവയ്ക്ക മാറ്റി സ്ഥാപിക്കാൻ വേണ്ടിയാണ് തുക നൽകിയിട്ടുള്ളത്. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

തടസപ്പെടുത്തുന്ന തുക – 68834/- രൂപ

1-21 തനതു ഫണ്ട് ചെലവ് തിരികെ ഈടാക്കിയില്ല.

പ്രോജക്ട നം 12/ 20 -21

തെരുവു വിളക്കു ഉപകരണങ്ങൾക്ക് മെയിന്റനൻസ് കൂലി

അടങ്കൽ - 200000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് – 187000/- രൂപ (130200 – ധനകാര്യ കമ്മീഷൻ ഗ്രാൻഡ് + 56800 – തനത് തനത് ഫണ്ട്)

[ബിൽ നമ്പർ 12/ 20-21 തീയതി 06 -08- 20 തുക 35,000/-രൂപ

ബിൽ നമ്പർ 33/ 20-21 തീയതി 03-12- 20 തുക 672,00/-രൂപ

ബിൽ നമ്പർ 46/ 20-21 തീയതി 31 -3- 21 തുക 28,000/-രൂപ

തനത് ഫണ്ട് ചെക്ക് നമ്പർ – 23038/ 23- 9 -20 തുക- 56800/-രൂപ]

തെരുവു വിളക്ക് ഉപകരണങ്ങളുടെ അറ്റകുറ്റ പണികൾക്കായി 700/- രൂപ ദിവസ കൂലിയിനത്തിൽ രണ്ട് ഇലക്ട്രീഷ്യൻമാരെ നിയമിച്ച്, അറ്റകുറ്റ പണികൾ ചെയ്യുന്ന ദിവസങ്ങളിൽ വേതനം നൽകിയിട്ടുണ്ട്. 13 / 7/ 20 മുതൽ 22 / 8/ 20 വരെ മെയിന്റനൻസ് കൂലിയിനത്തിൽ 51800/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയുടെ അഭാവത്തിൽ തനത് ഫണ്ടിൽ നിന്നും നൽകിയിരുന്നു. എന്നാൽ ടി തുക തനതു ഫണ്ടിലേക്ക് റീ കൂപ്പ് ചെയ്തിട്ടില്ല. ഇതു സംബന്ധിധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക്

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ അഭാവത്തിലാണ് തുക നൽകിയത് എന്ന മറുപടിയാണ് നൽകിയത്. തുക റീ ക്ലപ്പ് ചെയ്ത ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം – 3/22-04-2022

1-22 പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം – 222/21 – എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി

വികസന ഫണ്ട് - 22,50,000/-രൂപ (എസ്.സി.പി)

ചെലവ് - 1800000/- രൂപ

നിർവഹണം - അസി. സെക്രട്ടറി

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നല്കാനുള്ള ഈ പ്രോജക്ട് പ്രകാരം 150000/- രൂപ വീതം 15 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനായിരുന്നു പദ്ധതി. ശ്രീമതി രമണി, പനവിളവീട്, വാർഡ് നം.10, ശ്രീമതി സുനിത, കാർത്തിക വാർഡ് നം.4 എന്നിവർക്ക് ബിൽ നം. 4/22-10-21, ബിൽ നം. 8/24-12-21 എന്നിവ പ്രകാരം ആദ്യഗഡുവായി 75000/- രൂപ വീതം നൽകിയിരിക്കുന്നു. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ രണ്ടാം ഗഡുനൽകിയിട്ടില്ല. ഈ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ചെലവ് തുക 150000/- രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക - 150000/-രൂപ

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഒരു പരസ്യത്തിന് രണ്ടു തവണ തുക നൽകി-രണ്ടാമത് നൽകിയ തുക അംഗീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തിത്തെ വാർഷിക പദ്ധതിയിലുൾപ്പെട്ട മരാമത്ത് പ്രവൃത്തികളുടെ റീ- ടെൻഡർ ക്ഷണിക്കുന്നതിന് 6.3.20-ൽ കേരള കൗമുദി പത്രത്തിൽ നൽകിയ പരസ്യത്തിന്റെ ബില്ല് രണ്ടു തവണ സമർപ്പിച്ച് തനത് ഫണ്ട് വൗച്ചർ പ്രകാരം രണ്ടു തവണ തുക പിൻവലിച്ച് പത്രത്തിന് നൽകി. ഇതു സംബന്ധിച്ച് നൽകിയ ഒഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ബിൽ നം /തിയതി	തുക (രൂപ)	ചെക്ക് നം/ തിയതി
BLQLN001476287/6.3.20	7056/-	21626/20.5.20
BLQLN001476287/6.3.20	7056/-	23499/3.12.20

ഒരു പരസ്യത്തിന് തന്നെ രണ്ടു തവണ തുക നൽകിയതിനാൽ, രണ്ടാമത് നൽകിയ 7056/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നമ്പർ - 7/25-04-2022
നിരാകരിക്കുന്ന തുക - 7056/- രൂപ

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2019-20	18.04.22 മുതൽ 19.04.22 വരെ	കെ.എസ്.എ.കെ.എൽ.എം.പി-10/750/2022 തീയതി – 21.07.2022

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2020-21	40000	സുഭിക്ഷ കേരളം ഒരുകോടി ഫലവൃക്ഷത്തൈകളുടെ വിതരണം	40000	0
"	"	31875	നെൽകൃഷി വികസനം	31875	0
"	"	2400000	ലൈഫ് പദ്ധതി	2400000	0
"	"	385074	പൂരകപോഷകാഹാരം (ജനറൽ)	385074	0
"	"	200000	അഗതി രഹിതകേരളം -വീട് വാസയോഗ്യമാക്കൽ (ജനറൽ)	200000	
"	"	268010	ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്	268010	
"	"	155390	ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്	155390	
ബ്ലോക്ക്പഞ്ചായത്ത്	"	30000	നെൽകൃഷി വികസനം	30000	
	"	200000	പാലിയേറ്റീവ് കെയർ	200000	
"	"	300000	ആയുർവേദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ	300000	
"	"	400000	ലൈഫ് പദ്ധതി	400000	
"	"	116087	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	116087	
"	"	50000	അഗതി രഹിതകേരളം -വീട് വാസയോഗ്യമാക്കൽ (ജനറൽ)	50000	
"	"	400000	ലൈഫ് ഭവന പദ്ധതി (എസ്.സി.)	400000	
"	"	193865	അംഗൻവാടി കെട്ടിട നിർമ്മാണം വാർഡ് 15	193865	
"	"	200000	അംഗൻവാടി കെട്ടിട നിർമ്മാണം വാർഡ് 11	200000	
"	"	446969	ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്	446969	

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഭൂജല വകുപ്പ്	പഞ്ചായത്തോഫീസിൽ കിണർ നിർമ്മാണം	123/ 17.10.2020	101976	101976	0
കെ.എസ്.ഇ.ബി. പൂത്തൂർ	ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	26/30.09.2020	48065	0	48065
		47/31.03.21	20769	0	20769
കേരള വാട്ടർ അതോറിറ്റി	ജലജീവൻ മിഷൻ തുക അടവാക്കൽ	36/16.01.21	500000	0	500000

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	സ.ഉ.(എം.എസ്.)111/2018 തീയതി 13.08.18	5887360	5416771	644077	0	4772694

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

2013-ലെ പ്രവർത്തന ക്ഷമതാ റിപ്പോർട്ട്		2013-14	5-2-4-5	എയ്ഡഡ് സ്കൂൾ കോമ്പൗണ്ടിൽ അൺഎയിഡഡ് സ്കൂൾ	പരാമർശം നിലനിൽക്കുന്നു.
2017-18	3-3	2018-19	1(2)	സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 375000/- രൂപ ചെലവഴിച്ചു	പരാമർശം നിലനിൽക്കുന്നു.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		7056	ശ്രീ. എസ്.ശിവകുമാർ, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	499420	ശ്രീ. എസ്. ശിവകുമാർ, സെക്രട്ടറി
1-17	101976	ശ്രീ. എസ്. ശിവകുമാർ, സെക്രട്ടറി
1-19	500000	ശ്രീ. എസ്. ശിവകുമാർ, സെക്രട്ടറി
1-20	48065	ശ്രീ. എസ്. ശിവകുമാർ, സെക്രട്ടറി
	20769	ശ്രീമതി സേതുകുമാരി യു. അസി. സെക്രട്ടറി
1-22	150000	ശ്രീമതി സേതുകുമാരി യു. അസി. സെക്രട്ടറി

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
എസ്. ശിവകുമാർ, സെക്രട്ടറി	ലീവ്	ചരിഞ്ഞയത്ത് വീട്

		പനപ്പെട്ടി, ശാസ്താംകോട്ട
ശ്രീമതി സേതുകുമാരി. യു, അസി. സെക്രട്ടറി	അസി. സെക്രട്ടറി , കുന്നത്തൂർ ഗ്രാമപഞ്ചായത്ത്	വഞ്ചിയൂർ ഇല്ലം, ശ്രീരാമപുരം മാർക്കറ്റ് പി.ഒ., തഴവ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	ഖണ്ഡികകളുടെ എണ്ണം
1996-97	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(1) /2018, തീ. 16-5-18	5
1997-98	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(2) /2018, തീ. 16-5-18	1
1998-99	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(3) /2018, 16-5-18	2
1999-2000	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(4) /2018, 16-5-18	5
2000-2001	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(5) /2018, 16-5-18	5
2001-2002	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(6) /2018, 16-5-18	3
2003-2004	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(7) /2018, 16-5-18	4
2004-2005	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(8) /2018, 16-5-18	3
2005-2006	കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(9) /2018, 16-5-18	1
2006-2007	കെ.എസ്.എ.കെ.എൽ.എം-പി 10/718(1) /2019, 29-05-2019	17
2007-2008	കെ.എസ്.എ.കെ.എൽ.എം-പി 10/718(2) /2019, 29-05-2019	5
2008-2009	കെ.എസ്.എ.കെ.എൽ.എം-പി 10/718(3) /2019, 29-05-2019	5
2009-2010	കെ.എസ്.എ.കെ.എൽ.എം-പി 10/718(4) /2019, 29-05-2019	10
2010-2011 & 2011-2012	കെ.എസ്.എ.കെ.എൽ.എം-പി 10/718(5) /2019, 29-05-2019	10
2012-13 & 2013-2014	കെ.എസ്.എ.കെ.എൽ.എം/പി6/1300/15/16-9-15	12
2014-15	കെ.എസ്.എ.കെ.എൽ.എം/പി6/1177/2016/01-8-16	10
2015-16	കെ.എസ്.എ.കെ.എൽ.എം/പി 10/1842/2016, 26/10/17	28
2016-17	കെ.എസ്.എ.കെ.എൽ.എം/പി 10/1078/2017, 26/10/17	15
2017–18	കെ.എസ്.എ.കെ.എൽ.എം/പി 10/207/19, 16/07/19	14
2018-19	കെ.എസ്.എ.കെ.എൽ.എം/പി 10/472/20, 12/05/2020	7
2019-20	കെ.എസ്.എ.കെ.എൽ.എം/പി 10/18 /22, 06-05-2022	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3

അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്